# വിശുദ്ധ ജോൺ വിയാനി

ഫ്രാൻസിലെ ലിയോണിൽ നിന്ന് ഏകദേശം അഞ്ച് കിലോമീറ്റർ വടക്കായി ഒരു കൊച്ചു ഗ്രാമത്തിലാണ് ജോൺ മരിയ വിയാനിയുടെ ജനനം. അമ്മയുടെ മടിത്തട്ടിലിരുന്ന് വളരെ തീഷ്ണതയോടെ അദ്ദേഹം പഠിച്ചെടുത്ത പ്രാർത്ഥനയാണ് അദ്ദേഹത്തെ വിശുദ്ധനാക്കിയത്. അത് മറ്റൊന്നുമായിരുന്നില്ല ജപമാലയായിരുന്നു. തടികൊണ്ടുണ്ടാക്കിയ മാതാവിന്റെ ഒരു കൊച്ചു രൂപവും അവന് സ്വന്തമായുണ്ടായിരുന്നു. വർഷങ്ങൾക്ക് ശേഷം തന്റെ വാർദ്ധക്യത്തിലും അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. “പരിശുദ്ധ അമ്മയെ ഞാൻ അതിയായി സ്നേഹിക്കുന്നു. ഞാൻ അമ്മയെക്കുറിച്ച് അറിയുന്നതിനുമുൻപേ അമ്മയെ ഞാൻ സ്നേഹിച്ചുതുടങ്ങിയിരുന്നു.”

സഭ വളരെ പ്രതിസന്ധികളിലൂടെ കടന്നുപോയൊരു കാലമായിരുന്നുവത്. ആരാധനകൾക്കും പ്രാർത്ഥനകൾക്കും വിലങ്ങുവയ്ക്കപ്പെട്ടിരുന്നൊരു കാലം. അത്മായരുടെ വേഷത്തിൽ ഒളിച്ചുനടന്നുവേണമായിരുന്നു വൈദികർക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ. പതിനൊന്ന് വയസ്സുണ്ടായിരുന്നപ്പോൾ ഒരു വൈദികൻ വിയാനിയെ കാണുന്നതിനിടയായി. അദ്ദേഹമാണ് വിയാനിയുടെ ആദ്യ കുമ്പസാരം കേൾക്കുന്നത്. ഈ കുട്ടിയുടെ ഭക്തി തീഷ്ണത കണ്ട് അവനെ വേദപാഠം പഠിപ്പിക്കുവാനുള്ള ഏർപ്പാടുകളും അദ്ദേഹം ചെയ്തു.

പതിമൂന്നാമത്തെ വയസിലാണ് ആദ്യകുർബാനക്കൊരുക്കമായ പഠനങ്ങൾ പൂർത്തിയാക്കി അദ്ദേഹം ഈശോയെ സ്വീകരിക്കുന്നത്. വളർന്ന് വലുതായപ്പോഴും ആ ദിവസങ്ങളെക്കുറിച്ച് കണ്ണുനീരോടെയാണ് വിയാനി സംസാരിച്ചിരുന്നത്. ദിവ്യകാരുണ്യം സ്വീകരിച്ച ദിവസങ്ങളിൽ ഉള്ളിൽ എഴുന്നള്ളി വന്ന യേശുവിനോട് താരതമ്യം ചെയ്തപ്പോൾ ലോകം മുഴുവൻ ശൂന്യമായതായി അദ്ദേഹത്തിന് തോന്നി. ഏറ്റവും വലിയ സമ്പത്ത് തന്റെ നാവിൽ സ്വന്തമായതുപോലെ. സ്വർഗത്തെ മുഴുവൻ സ്വന്തമാക്കിക്കൊണ്ട് അൾത്താരയിൽ നിന്ന് തിരികെയിറങ്ങുവാൻ അവിടുന്ന് ഞങ്ങൾക്ക് ഭാഗ്യം നൽകുന്നതിനെയോർത്ത് നന്ദി പറയുന്നു എന്നാണ് അദ്ദേഹത്തിന്റെ വിശുദ്ധ കുർബാനശേഷമുള്ള പ്രാർത്ഥന.

പതിനാറാമത്തെ വയസ്സിൽ അമ്മയോടും ആന്റിയോടും വിയാനി തന്റെ സ്വപ്നം വ്യക്തമാക്കി – ഞാനൊരു വൈദികനായിരുന്നെങ്കിൽ അനേകം ആത്മാക്കളെ ദൈവത്തിന്റെ അടുക്കലെത്തിക്കുവാൻ എനിക്ക് സാധിക്കുമായിരുന്നു. കുഗ്രാമത്തിൽ വസിക്കുന്ന സാധാരണ കുട്ടികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസം പോലുമില്ലാത്ത ഒരാൾക്ക് കാണാൻ പറ്റുന്ന ഒരു സ്വപ്നമായിരുന്നില്ല വിയാനി കണ്ടത്. അങ്ങനെയിരിക്കെ ഒരു ദിവസം ഭക്തനായൊരു വൈദികൻ അവരുടെ ഗ്രാമത്തിൽ ദൈവവിളിക്കായുള്ള തിരച്ചിലുമായെത്തി. ജോണിന്റെ അമ്മ അവന്റെ പിതാവിനോട് അനുവാദം വാങ്ങിയതിനുശേഷം ഫാ. ബാളിയുമായി സംസാരിച്ചു. തന്റെ മകനെ സെമിനാരിയിൽ ചേർക്കണമെന്നായിരുന്നു അവളുടെ ആവശ്യം. പരിമിതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആദ്യമൊന്നും അദ്ദേഹം സമ്മതിച്ചില്ലെങ്കിലും ജോൺ വിയാനിയെ കണ്ടതോടുകൂടി അദ്ദേഹത്തിന്റെ എല്ലാ സംശയങ്ങളും നീങ്ങി.

ലത്തീൻ വിഷയത്തിലെ ഭാഗങ്ങൾ മനപാഠമാക്കുക ജോണിന് അതികഠിനമായിരുന്നു. കൂട്ടുകാരനായ പന്ത്രണ്ട് വയസ്സുകാരൻ ഒരു മിടുക്കൻ കുട്ടിയാണ് അവർക്ക് ലത്തീന്റെ ബാലപാഠങ്ങൾ പറഞ്ഞുകൊടുക്കുന്നത്. ചെറിയ കാര്യങ്ങൾ പോലും മനസിലാകാത്തതുപോലെ പെരുമാറിയ ജോണിന്റെ മുഖത്ത് അവൻ അടിച്ചു. ഇരുപത് വയസുകാരൻ ജോൺ പെട്ടെന്ന് മുട്ടിൻമേൽ നിന്ന് തന്നോട് ക്ഷമിക്കണമെന്നും തനിക്കുവേണ്ടി ഏവരും പ്രാർത്ഥിക്കണമെന്നും യാചിച്ചു. അത്രമേൽ പഠനത്തിൽ പിന്നോക്കവും അതുപോലെ എളിമയുമുള്ള വ്യക്തിയായിരുന്നു ജോൺ.

1809 ൽ പട്ടാളത്തിൽ നിർബന്ധിതസേവനത്തിന് യുവാക്കളെല്ലാം നിയോഗിക്കപ്പെടുന്ന അവസരമായിരുന്നു. സെമിനാരിയിൽ പഠിക്കുന്നവരെ അതിൽ നിന്ന് ഒഴിവാക്കണമെന്ന് ഫാ. ബാളി ഗവൺമെന്റിനോട് ആവശ്യപ്പെട്ടുവെങ്കിലും ഫലമുണ്ടായില്ല. ജോണിനും സൈനികസേവനത്തിന് പോകേണ്ടതായി വന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ ജോൺ ആശുപത്രിയിലായി. തിരികെ വന്ന് രണ്ടാഴ്ചകഴിഞ്ഞപ്പോൾ വീണ്ടും രോഗം ബാധിച്ച് കിടപ്പിലായി. ഒന്നരമാസം കഴിഞ്ഞപ്പോൾ സ്പെയിനിലുള്ള പട്ടാളത്തോട് ചേരുവാനായി അദ്ദേഹത്തെ വീണ്ടും അധികാരികൾ നിർബന്ധിച്ചു. വളരെ ദു:ഖത്തോടെ അദ്ദേഹം അവിടേക്ക് യാത്രയായി.

ഒരു ഗ്രാമത്തിൽ താമസമാരംഭിച്ച പട്ടാളക്കാരുടെ കൂടെ ജോൺ വിയാനിയുമുണ്ടായിരുന്നു. തന്റെ മാതാപിതാക്കളെക്കുറിച്ച് അതിയായ വേദന തോന്നിയപ്പോൾ, തന്റെ ജീവിതം അവിടെ സുരക്ഷിതമാണെന്ന് ആ ഗ്രാമത്തിലെ ഒരു സ്ത്രീയെ അവരുടെ അടുക്കലേക്കയച്ച് വിയാനിക്ക് വ്യക്തമാക്കുവാൻ സാധിച്ചു. ഗ്രാമവാസികൾക്കെല്ലാം വിയാനിയെ നന്നേ ഇഷ്ടപ്പെട്ടു. ഫാ.ബാളി വിയാനിയുടെ അമ്മയെ ആശ്വസിപ്പിച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു. വിയാനി യുദ്ധസ്ഥലത്ത് രോഗിയാകുമെന്നോ, മുറിവേൽക്കുമെന്നോ ഭയപ്പെടേണ്ട. അദ്ദേഹം ഒരിക്കലും ഒരു പട്ടാളക്കാരനാവില്ല, നല്ലൊരു വിശുദ്ധനായ വൈദികനാവുകതന്നെ ചെയ്യും. പക്ഷെ ഈ പ്രവചനം പൂർത്തീകരിച്ച് കാണുവാൻ വിയാനിയുടെ അമ്മ ജീവിച്ചിരുന്നില്ല.

അവസാനം ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹത്താൽ വീണ്ടും വിയാനി സെമിനാരിയിലെത്തി. ഒരു വർഷത്തെ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുകയായിരുന്നു ലക്ഷ്യം. എല്ലാം പഠിക്കേണ്ടത് ലത്തീനിലും. ഇരുപത്താറ് വയസ്സുള്ള ജോണായിരുന്നു ക്ലാസിലെ ഏറ്റവും മുതിർന്ന കുട്ടി. പഠനം വലിയൊരു കുരിശിന്റെ വഴിതന്നെയായിരുന്നു ജോണിന് സമ്മാനിച്ചത്. മേജർ സെമിനാരിയിലെത്തിയപ്പോഴും ഇതേ പ്രതിസന്ധികളാണ് വിയാനിയെ കാത്തിരുന്നത്. സഹപാഠികളുടെ വാക്കുകളിൽ നിന്ന് വിയാനിയിൽ പുണ്യങ്ങളായി നാം കാണുന്നത് ഈശോയോടും പരിശുദ്ധ അമ്മയോടുമുള്ള സ്നേഹമായിരുന്നു. ദൈവത്തിന്റെ ഹിതത്തിന് തന്നെത്തന്നെ സമർപ്പിക്കുവാനുള്ള അതിയായ എളിമയുണ്ടായിരുന്നു വിയാനിക്ക്. അനേകം തോൽവികൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടും തന്റെ ദൈവവിളിയെ ഉറപ്പിക്കുന്നതിനായി രാവും പകലും കഠിനമായി അദ്ദേഹം പഠനത്തിൽ അദ്ധ്വാനിക്കുമായിരുന്നു. ഒരു വൈദികൻ അദ്ദേഹത്തെ വിശേഷിപ്പിച്ചത് ഒന്നും അസാധാരണമായില്ലാത്ത സാധാരണ മനുഷ്യൻ എന്നാണ്. ദൈവസ്നേഹത്താൽ ജ്വലിച്ച ഈ സാധാരണത്വമാണ് വിയാനിയെ വിശുദ്ധിയിലേക്ക് കൈപിടിച്ചുയർത്തിയത്.

മേജർ സെമിനാരിയിൽ നിന്ന് പരീക്ഷയിൽ നിരന്തരമായ തോൽവികൾ ഏറ്റുവാങ്ങിയ വിയാനിയെ അധികാരികൾ പറഞ്ഞുവിട്ടു. വൈദികനാകുവാനുള്ള യോഗ്യതയില്ലെന്നും വേണമെങ്കിൽ ഒരു സഹോദരനായി അവിടെ ജീവിക്കാമെന്നും അവർ അറിയിച്ചു. കണ്ണുനീരോടെ സെമിനാരിയുടെ പടികളിറങ്ങി വിയാനി ഫാ. ബാളിയുടെ പക്കലെത്തി. അദ്ദേഹം ജോൺ വിയാനിയെ ആശ്വസിപ്പിച്ചു. എന്നിട്ട് പറഞ്ഞു — നിനക്കൊരു വൈദികനാകാം. എന്റെ കൂടെ നിന്ന് അല്പം കൂടി നന്നായി പഠിക്കുക. അദ്ദേഹത്തോടൊപ്പം പഠിച്ചതിനുശേഷം വീണ്ടും പരീക്ഷയ്ക്കെത്തി. എന്നാൽ അപ്പോഴും തോൽവിയായിരുന്നു ഫലം. എന്നാൽ മനസുതകരാതെ വീണ്ടും അദ്ദേഹം കഠിനമായി പരിശ്രമിച്ചു. ഫാ. ബാളി നൽകിയ ആത്മവിശ്വാസത്തിന്റെ പിൻബലത്തിൽ വീണ്ടും പരീക്ഷയെഴുതി വിയാനി അവസാനം വിജയിക്കുകതന്നെ ചെയ്തു.

**ഫിമെയ്ൽ**. അങ്ങനെ അതികഠിനമായ പരീക്ഷകൾക്കൊടുവിൽ ജോൺ വിയാനി സബ്ഡീക്കനായി. അന്ന് അദ്ദേഹത്തിന്റ അടുക്കൽ നിന്നൊരു വൈദികൻ സാക്ഷ്യപ്പെടുത്തിയതിങ്ങനെ – വിശുദ്ധ ബലിമധ്യേ വിയാനിയുടെ കണ്ണുകളും മുഖവും അഭൗമീകമായൊരു പ്രകാശത്താൽ

തിളങ്ങുന്നത് ഞാൻ കണ്ടു. അറിവ് പരിമിതമാണെങ്കിലും ദൈവത്തെക്കുറിച്ചുള്ള അനുഭവത്തിൽ വിയാനി എല്ലാവരുടേയും മുൻപിലായിരുന്നു. അവസാന പരീക്ഷയിൽ രാവും പകലും ആരോഗ്യവും അനാരോഗ്യവും കണക്കിലെടുക്കാതെ വിയാനി അദ്ധ്വാനിക്കുകയായിരുന്നു. മുട്ടിൻമേൽ നിന്ന സമയങ്ങൾക്കും ദിവസങ്ങൾക്കും കണക്കില്ല. സ്വർഗം അദ്ദേഹത്തിന് കൂട്ടുനിൽക്കുക തന്നെ ചെയ്തു. 1815 ആഗസ്റ്റ് മാസം പതിനെട്ടാം തിയതി ജോൺ മരിയ വിയാനി എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഒരു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. വിയാനിയുടെ മഹനീയമായ വാക്കുകൾ ഇപ്രകാരമാണ്. "ഒരു വൈദികൻ ആരാണെന്ന് മനസിലാവണമെങ്കിൽ സ്വർഗത്തിലെത്തണം. ഒരു വൈദികൻ യഥാർത്ഥത്തിൽ ഈ ലോകത്ത് ചെയ്യുന്നതെന്താണെന്ന് തിരിച്ചറിഞ്ഞാൽ തീർച്ചയായും അദ്ദേഹം സ്നേഹം കൊണ്ട് ഇവിടെ മരിച്ചു വീഴും".

ഫാ. ബാളിയുടെ അസിസ്റ്റന്റ് വികാരിയായിട്ടാണ് വിയാനി ആദ്യം നിയമിതനായത്. സഭാചരിത്രവും പഠനങ്ങളുമെല്ലാം കാര്യമായി വിയാനിയച്ചന് പഠിക്കേണ്ടതായുണ്ടായിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റേയും വിശുദ്ധരുടെ ജീവചരിത്രത്തിന്റെയും മരുഭൂമിയിൽ കഴിച്ചുകൂട്ടിയ പിതാക്കൻമാരുടെ സംഭവബഹുലമായ ജീവിതകഥകളുടേയും പാത പിൻതുടർന്ന് അതികഠിനമായൊരു ജീവിതചര്യയാണ് ജോൺ വിയാനി അഭ്യസിച്ചത്. ശരീരത്തെയും ആഗ്രഹങ്ങളെയും അതികഠിനമായി നിലയ്ക്കുനിർത്തിയ വൈദികൻ. അദ്ദേഹത്തിന്റെ പ്രായശ്ചിത്തപ്രവൃത്തികൾ അതികഠിനമാണെന്ന് ഇടവകജനങ്ങൾ രൂപതയിൽ പരാതിപ്പെടുകയുണ്ടായി. അപ്പോൾ ലഭിച്ച മറുപടിയിതായിരുന്നു – ഇത്രമേൽ വിശുദ്ധിയും തീഷ്ണതയുമുള്ള ഒരു വൈദികനെ ലഭിച്ച നിങ്ങൾ ഭാഗ്യമുള്ളവരാണ്.

1817 ഡിസംബർ മാസത്തിൽ അദ്ദേഹത്തിന്റെ ദൈവവിളിയുടെ സംരക്ഷകനും അദ്ധ്യാപകനും ജീവിതത്തിൽ തുണയുമായിരുന്ന ഫാ. ബാളിയെ വിയാനിക്ക് എന്നേക്കുമായി നഷ്ടപ്പെട്ടു. എക്കൊളി ഇടവകയിൽ നിന്നുള്ള അദ്ദേഹത്തിന്റെയും സ്ഥലം മാറ്റത്തിന്റെ ദിവസങ്ങളായിരുന്നുവത്. പുതിയ വികാരിക്ക് ഒരു സഹായിയുടെ ആവശ്യമുണ്ടായിരുന്നില്ല. രണ്ടുമാസങ്ങൾക്ക് ശേഷം വിയാനിയ്ക്ക് പ്രഖ്യാതമാക്കിയ ആർസ് ഇടവകയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ദൈവസ്നേഹത്തിന്റെ അലയടികൾ അവിടെ ഉയർത്തുകയാണ് വിയാനിയുടെ ലക്ഷ്യമെന്നാണ് അധികാരികൾ അദ്ദേഹത്തോട് പറഞ്ഞത്. മറ്റൊന്നും ചെയ്യാൻ വിയാനിക്കാവില്ലെന്ന് അവർക്കറിയാമായിരുന്നു.

ഒരു ഇടവക എന്നതിനെക്കാളുപരി അതൊരു ദൗത്യമായിരുന്നു. ആത്മീയമായും ധാർമ്മികമായും അധപതിച്ചൊരു സ്ഥലം. ആരും അവിടേക്ക് പോകുവാൻ പോലും ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു വൃദ്ധയായ സ്ത്രീയൊഴികെ ആരും ആർസിൽ ഒരു ദേവാലയമോ വൈദികനോ വേണമെന്ന് പോലും ആഗ്രഹിച്ചില്ല. അത്രമേൽ ശോചനീയമായിരുന്നു അവിടുത്തെ അവസ്ഥ. ആത്മീയതയ്ക്കും പ്രാർത്ഥനയ്ക്കും മാത്രമായിരുന്നു അവിടെ പ്രവേശനമില്ലാതിരുന്നത്.

വിയാനിയച്ചൻ സ്വന്തമെന്ന് പറയാവുന്ന പരിമിതമായ വസ്തുക്കളുമെടുത്ത് ആർസ് ലക്ഷ്യമാക്കി നടക്കുകയാണ്. അവിടേക്കുള്ള വഴി അറിയാതെ വലഞ്ഞപ്പോൾ ഒരു ആട്ടിടയനായ കുട്ടിയോട് അദ്ദേഹം പറയുന്നതിതാണ് – എന്നെ ആർസിലേക്കുള്ള വഴി കാട്ടിത്തന്നാൽ, സ്വർഗത്തിലേക്കുള്ള വഴി ഞാൻ നിനക്ക് കാട്ടിത്തരാം. അതായിരുന്നു ജോൺ വിയാനിയുടെ ജീവിതലക്ഷ്യവും. അപ്പോൾ അദ്ദേഹത്തിന് മുപ്പത്തിരണ്ടുവയസായിരുന്നു. ഇടവകജനങ്ങളെ പരിചയപ്പെടുന്നതിനും കാര്യങ്ങൾ ചെയ്യുവാൻ തുടങ്ങുന്നതിനും മുൻപ് അദ്ദേഹം ദേവാലയത്തിലെത്തി എല്ലാം വൃത്തിയാക്കി സ്വയം ദിവ്യബലിയർപ്പിച്ചു. മണിക്കൂറുകൾ ദേവാലയത്തിൽ മുട്ടിൻമേൽ നിന്ന് ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു. പ്രാർത്ഥനയിപ്രകാരമായിരുന്നു –

“എന്തെല്ലാം സഹനങ്ങൾ അങ്ങെനിക്ക് അനുവദിക്കുന്നോ അതെല്ലാം സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണ്. ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞാൻ അവർക്കുവേണ്ടി ബലി യായിക്കൊള്ളാം പകരം എന്റെ ഇടവക ജനത്തെ അങ്ങ് മാനസാന്തരപ്പെടുത്തണം. അവർക്ക് സ്വർഗത്തിലേക്കുള്ള വഴി കാട്ടിക്കൊടുക്കണം.

കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ദേവാലയത്തിലെ ദിവ്യബലിയിൽ സംബന്ധിക്കുവാൻ കുറച്ചുപേർ വന്നു. അവർ പറഞ്ഞറിഞ്ഞ് മറ്റുള്ളവരും. അവരുടെ മുൻപിൽ ദൈവസ്നേഹ ത്തിന്റെ പ്രവാചകൻ തന്റെ ശബ്ദമുയർത്തിത്തുടങ്ങി. അദ്ദേഹത്തിന്റെ സ്നേഹമുള്ള കണ്ണു കൾക്ക് മുൻപിൽ പാപികൾക്ക് പിടിച്ചുനില്ക്കുവാനാകുമായിരുന്നില്ല. ഓരോ ദിവ്യബലിയും കഴിയുമ്പോൾ കുമ്പസാരക്കൂടിന് മുൻപിൽ ജനങ്ങൾ തടിച്ചുകൂടുവാൻ തുടങ്ങി. പകലന്തി യോളം കുമ്പസാരക്കൂട്ടിൽ ചിലവഴിക്കുന്ന അദ്ദേഹം രാത്രിയിൽ തന്റെ മുറിയിലേക്കു പോകും - രാത്രിമുഴുവൻ തന്റെ ഇടവകജനത്തിന്റെ മാനസാന്തരത്തിനുവേണ്ടി പ്രായശ്ചിത്തം ചെയ്യു വാൻ. ദൈവത്തെ സ്നേഹിക്കുന്നവനാണ് യഥാർത്ഥ പ്രാസംഗികൻ എങ്കിൽ ജോൺ വിയാനി നല്ലൊരു പ്രാസംഗികനായിരുന്നു.

വിദ്യാഭ്യാസമോ, കഴിവോ, അറിവോ ഇല്ലാത്ത തനിക്കറിയാവുന്ന ഏക കാര്യം കുമ്പസാരി പ്പിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ഭക്തിപൂർവ്വം ദിവയബലിയർപ്പിക്കുകയുമാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. ഇടവകയിൽ അത്ഭുതങ്ങൾ നടക്കുകയായിരുന്നു. വർഷങ്ങളായി ദേവാലയത്തിൽ വരാതിരുന്നവർ എത്തിച്ചേരുവാൻ തുടങ്ങി. കൊടും പാപികൾ പോലും മാന സാന്തരപ്പെട്ടു. എന്തു പറയണമെന്നറിയാതെ തിങ്ങിക്കൂടിയ ജനത്തെനോക്കി വിറച്ചുകൊണ്ട് വിയാനിയച്ചൻ പറയും - എനിക്കെന്താണ് പറയേണ്ടതെന്നറിയില്ല. പക്ഷെ ഇന്ന് ഈ അൾത്താ രയിൽ നിൽക്കുമ്പോൾ ഒരു കാര്യം എനിക്ക് അനുഭവമുണ്ട് - ദൈവം സ്നേഹമാണ്. വീണ്ടും അതുതന്നെ അദ്ദേഹം ആവർത്തിക്കും - മക്കളേ ദൈവം സ്നേഹമാണ്. ആ ദൈവത്തെ നിങ്ങൾ വേദനിപ്പിക്കരുത്. കുമ്പസാരക്കൂട്ടിൽ പിന്നീട് ഒഴുകിയിറങ്ങുന്ന കണ്ണുനീർത്തുള്ളികൾ... ഫാദർ വിയാനിയുടെ ഇടറിയ ശബ്ദം ഹൃദയങ്ങളെ സ്പർശിക്കുന്നതിന്റെ അടയാളമായിരുന്നു.

കുട്ടികളുടെ വിദ്യാഭ്യാസത്തിനായി അദ്ദേഹം ഒരു സ്കൂൾ ആരംഭിച്ചു. ധാരാളം കുട്ടികളെ അവർ വിയാനിയച്ചന്റെ സ്കൂളിലേക്കയച്ചു. അവസാനം കുട്ടികളുടെ യാത്രാക്ലേശം പരിഹരി ക്കുന്നതിനായി വിയാനി ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ട് ഒരു ഹോസ്റ്റൽ തുടങ്ങി. സകലതിനും അത്ഭുതങ്ങളുടെ പരിവേഷമായിരുന്നു.അദ്ദേഹമല്ല ഇതൊന്നും ചെയ്യു ന്നത്. അദ്ദേഹത്തിനുവേണ്ടി ദൈവം അതിശക്തമായി പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു.

വർഷങ്ങൾ കഴിഞ്ഞപ്പോൾ താൻ സ്ഥാപിച്ച ഭവനത്തിന്റെ മേൽനോട്ടം വിയാനിക്ക് കൂടു തൽ കഴിവും അറിവുമുള്ള മറ്റ് വ്യക്തികൾക്ക് കൈമാറേണ്ടതായി വന്നു. അത്രമേൽ ദൈവം അതിനെ വളർത്തിയിരുന്നു. സ്കൂളിന്റെ പരിമിതികളെക്കുറിച്ചുള്ള പരാതികൾ അധികാരിക ളുടെ കാതിലെത്തി. ഇരുപത് കുട്ടികളെ താമസിപ്പിക്കുവാൻ സൗകര്യമുള്ളിടത്ത് അറുപതോളം കുട്ടികൾ. ഭക്ഷണകാര്യങ്ങ്ള്ങളും താമസസൗകര്യങ്ങളും ഒന്നും നന്നായി ക്രമീകരിക്കുവാ നാകുന്നില്ല. വിയാനിക്ക് അത് നടത്തിക്കൊണ്ട് പോകുവാനാവില്ലെന്ന് പറഞ്ഞ് അവർ അദ്ദേ ഹത്തെ അതിന്റെ ചുമതലയിൽ നിന്ന് മാറ്റി. എന്നാൽ അധികാരികളുടെ ആജ്ഞ വന്നപ്പോൾ രാവും പകലും താൻ എന്തിനൊക്കെ വേണ്ടി അദ്ധ്വാനിച്ചോ അതിനെ പൂർണമായും അദ്ദേഹം വിട്ടുകൊടുത്തു. പിന്നീടൊരിക്കലും അതിന്റെ കാര്യങ്ങളിൽ ഇടപെടരുതെന്ന നിർദ്ദേശവും അദ്ദേഹം പൂർണമായും അനുസരിച്ചു.

നഗരത്തിലെ മദ്യഷാപ്പുകൾക്കെതിരെയാണ് വിയാനി നിരന്തരമായ യുദ്ധം പ്രഖ്യാപിച്ചത്. മദ്യപാനികളെ മാനസാന്തരപ്പെടുത്തിക്കൊണ്ടായിരുന്നു യുദ്ധം. വിയാനിയച്ചൻ തന്റെ ഇടവ

കാജനത്തെ മദ്യപാനത്തിന്റെ ഭീകരതയെക്കുറിച്ചും പാപത്തിന്റെ അതികഠോരമായ ഫലങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തി. ദൈവത്തെ സ്നേഹിക്കുവാനും ദുശ്ശീലങ്ങളിൽ നിന്ന് മാറി നിൽക്കുവാനും അവർക്ക് ശക്തി ലഭിക്കുന്നതിനുവേണ്ടി അദ്ദേഹം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. പാപം ചെയ്യാതിരിക്കുവാൻ ആർസിലെ ജനങ്ങളെ പ്രാപ്തരാക്കിയതോടുകൂടി ജനം മദ്യത്തെ ഉപേക്ഷിച്ചു ദൈവത്തെ മുറുകെപ്പിടിച്ചു. അവസാനം മദ്യഷാപ്പിലേക്ക് ആളുകൾ വരാതായതോടുകൂടി ഷാപ്പുകൾ പൂട്ടിത്തുടങ്ങി. വിയാനിയച്ചനെതിരെ അപവാദങ്ങളും പരാതികളും ഉയർന്നു. മെത്രാന്റെ സവിധത്തിൽ വരെയെത്തി കാര്യങ്ങൾ. ചിലർ അദ്ദേഹത്തെ വധിക്കുവാൻ തക്കം പാർത്തിരുന്നു. തന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ദിവസങ്ങൾ എന്നാണ് ആ അരക്ഷിതാവസ്ഥയുടെ നാളുകളെക്കുറിച്ച് വിയാനിയച്ചൻ പ്രതികരിച്ചത്. ആർസിലേക്ക് വരുന്നതിന് മുൻപ് അവിടെ സഹിക്കേണ്ടിവരുന്നതിനെക്കുറിച്ച് എനിക്ക് അറിവുണ്ടായിരുന്നെങ്കിൽ ഞാൻ അതോർത്ത് അപ്പോൾ തന്നെ മരിച്ചുവീഴുമായിരുന്നുവെന്നാണ് വിയാനിയച്ചൻ വാക്കുകൾ. അത്രമേൽ രൂക്ഷമായിരുന്നു വേദനകൾ. അപവാദങ്ങളും ഭീഷണികളും അദ്ദേഹത്തെ വല്ലാതെ ഉലച്ചുകളഞ്ഞു. ആർസിൽ നിന്ന് രക്ഷപ്പെടണമെന്ന ചിന്തപോലും അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായി. അത്രമേൽ കഠിനമായിരുന്നു അദ്ദേഹത്തിനേൽക്കേണ്ടി വന്ന തിക്താനുഭവങ്ങൾ എന്നാണ് അടുത്തറിയാവുന്നവർ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തന്റെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റെയും പിൻബലത്തിൽ ഉയർത്തിയ ജപമാലയുമായി തിന്മയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് തളരാതെ അദ്ദേഹം അവിടെത്തന്നെ നിലകൊണ്ടു. തിന്മയുടെ ശക്തികൾ വിജയം നേടുന്നതിന് വിയാനിയുടെ ഒളിച്ചോട്ടം സഹായിക്കുമെന്ന് അദ്ദേഹത്തെ പലരും ആ നാളുകളിൽ പറഞ്ഞ് ബോധ്യപ്പെടുത്തിയിരുന്നു.

അവസാനം വ്യക്തികളും സാഹചര്യങ്ങളുമാകുന്ന തന്റെ ആയുധങ്ങൾക്ക് വിയാനിയെ ഭയപ്പെടുത്താനോ നിരുത്സാഹപ്പെടുത്തുവാനോ സാധ്യമല്ലെന്നുകണ്ട പിശാച് നേരിട്ട് പ്രത്യക്ഷനായി വിയാനിയെ ശല്യപ്പെടുത്തുവാൻ തുടങ്ങി. ആർസ് പ്രഖ്യാതമായപ്പോൾ പല വൈദികരെയും അവിടേക്ക് അധികാരികൾ അയച്ചിരുന്നു. ഒരു ദിവസം അടുത്ത മുറിയിൽ താമസിച്ചിരുന്ന വൈദികൻ വിയാനിയുടെ കിടപ്പുമുറിയിൽ നിന്ന് വലിയ ശബ്ദം കേട്ടു. പിറ്റേദിവസം ചോദിച്ചപ്പോൾ വിയാനി പറഞ്ഞു – ഈ ഇടവകയിൽ ഉണ്ടാകുന്ന നന്മയിൽ കോപിഷ്ഠനായ പിശാചാണത്. അപ്പോൾ ചില വൈദികർ വിയാനിയുടെ തലയ്ക്കുള്ളിലൂടെ ഓടുന്ന എലികളാണ് ശബ്ദമുണ്ടാക്കുന്നത് എന്ന് പറഞ്ഞ് അദ്ദേഹത്തെ കളിയാക്കുമായിരുന്നു. എന്റെ തലയക്കുള്ളിലാണെങ്കിൽ പിന്നെ നിങ്ങളെങ്ങനെയാണ് ആ ശബ്ദം കേട്ടത് എന്ന അദ്ദേഹത്തിന്റെ ചോദ്യത്തിന് അവർക്ക് മറുപടിയുണ്ടായിരുന്നില്ല. ഒരു ദിവസം ഭയാനകമായ സ്വരം വിയാനിയുടെ മുറിയിൽ നിന്നുയർന്നു. വൈദികരെല്ലാം അവിടേക്കോടി. വിയാനിയച്ചന്റെ കട്ടിൽ തീയിൽ കത്തുകയാണ്. എല്ലാവരും കൂടി വിയാനിയച്ചനെ വിളിച്ചുണർത്തി. തങ്ങളുടെ തെറ്റിന് മാപ്പപേക്ഷിച്ചു. വിയാനിയച്ചൻ പറഞ്ഞു – "ഞാൻ നിങ്ങളോട് പറയുന്നതല്ലേ. തിന്മയുടെ ഏതാക്രമണത്തെയും നേരിടാൻ നിങ്ങൾ യുദ്ധസജ്ജരായിരിക്കണം. ഈ സഹനത്തിലൂടെ നാളെ നമുക്ക് വലിയ നേട്ടങ്ങൾക്കുള്ള വകുപ്പായി". പിറ്റേദിവസം പ്രഭാതം മുതൽ വൈകുന്നേരം വരെ ഒന്നും സംഭവിച്ചില്ല. എന്നാൽ സന്ധ്യയായപ്പോൾ വർഷങ്ങളായി കുമ്പസാരിച്ചിട്ടില്ലാത്ത ഒരു ദുഷ്ടനായ മനുഷ്യൻ എനിക്ക് വിയാനിയച്ചന്റെ അടുക്കൽ കുമ്പസാരിക്കണമെന്ന് പറഞ്ഞ് അവിടെയെത്തി. എല്ലാവർക്കും ബോധ്യമായി തങ്ങളുടെ കൂട്ടുകാരൻ ഒരു വിശുദ്ധൻ തന്നെ.

അനുദിനം സ്വന്തം കുരിശുമെടുത്ത് തന്റെ ദിവ്യനാഥന്റെ പിന്നാലെ വിയാനിയച്ചൻ നടന്നു. ഈശോയുടെ തിരുശരീരത്തിന്റെ തിരുനാൾ ദിവസം ജനങ്ങളെകൂട്ടി നടത്തയിരുന്ന ദിവ്യകാരുണ്യ പ്രദക്ഷിണമായിരുന്നു അതിൽ ഏറ്റവും അനുഗ്രഹപ്രദമായത്. ലോകത്തിന്റെ പലഭാഗ

ങ്ങളിൽ നിന്നും തീർത്ഥാടകർ ആർസിലേക്ക് പ്രവഹിക്കുവാൻ തുടങ്ങിയ നാളുകൾ. പത്തൊമ്പതാം നൂറ്റാണ്ടിൽ ഫ്രാൻസിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായി മാറിയത് ഈ പാവപ്പെട്ട വൈദികന്റെ ഇടവകയായിരുന്നു.

വർഷങ്ങളോളമുള്ള അദ്ദേഹത്തിന്റെ കഠിനമായ ജീവിതമാണ് ഇതിനെല്ലാം വഴി തെളിച്ചത്. എന്നാൽ താൻ ഒന്നുമല്ലെന്നും ദൈവം പ്രവൃത്തിക്കുന്ന അത്ഭുതങ്ങളാണെന്നും അദ്ദേഹം എല്ലായ്പ്പോഴും വിശ്വാസികളെ ഉദ്ബോധിപ്പിക്കുമായിരുന്നു. പരിശുദ്ധ ദൈവമാതാവിനെയും മറ്റു വിശുദ്ധരെയും ചൂണ്ടിക്കാണിച്ച് തന്റെ ഇടവകയിൽ നടക്കുന്ന സകല അത്ഭുതങ്ങളും അവരുടെ മാദ്ധ്യസ്ഥതയിലൂടെ സംഭവിക്കുന്നതാണെന്നും അവരോട് അടുത്ത ബന്ധം സ്ഥാപിക്കണമെന്നും എല്ലാവരെയും പഠിപ്പിക്കുമായിരുന്നു. ഞാൻ ഈ ലോകത്തിലേക്ക് വന്നത് ദൈവത്തെ നൽകുവാനാണ്. അവിടുത്തേക്ക് എല്ലാം സാധ്യമാണ്. നമ്മുടെ ആത്മാക്കൾ ദൈവത്തോടൊപ്പമായിരിക്കണം. ഈ ലോകത്തിലും പരലോകത്തിലും - ഇതായിരുന്നു ജോൺ വിയാനിയുടെ ജീവിത വിജയത്തിന്റെ രഹസ്യം. അടുത്തുള്ള ഇടവകകളിലെ വൈദികർക്ക് തങ്ങളുടെ ഇടവകജനം ആർസിലേക്ക് കുർബാനയ്ക്കും കുമ്പസാരത്തിനുമായി പോകുന്നത് സഹിക്കുവാൻ സാധിക്കുമായിരുന്നില്ല. പലരും ഇതിനെതിരെ വളരെ കഠിനമായ നിയമങ്ങളുണ്ടാക്കുകയും അൾത്താരയിൽ പ്രസംഗിക്കുകയും ചെയ്തു. വിയാനിയച്ചനെ കുറ്റപ്പെടുത്തിക്കൊണ്ട് കത്തുകളുമെത്തി. അതിലൊന്നിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു - 'ഫാ. വിയാനി, അങ്ങയെപ്പോലെ വളരെ കുറച്ച് ദൈവശാസ്ത്രമെ ഞങ്ങൾക്ക് അറിയുള്ളുവെങ്കിൽ, ഞങ്ങൾ ഒരിക്കലും കുമ്പസാരിപ്പിക്കാൻ മെനക്കെടുമായിരുന്നില്ല'. വിയാനിയച്ചൻ വളരെ സ്നേഹത്തോടെ ഈ കത്തിന് മറുപടിയെഴുതി - 'എന്നെ ഇത്ര നന്നായറിയാവുന്ന അങ്ങയെ ഞാൻ സ്നേഹിക്കുന്നു. വളരെ നാളുകളായി ഞാൻ ആഗ്രഹിക്കുന്ന കാര്യമാണ് ഇവിടെനിന്നും മാറ്റം ലഭിക്കണമെന്നത്. പക്ഷെ ഒട്ടും കഴിവും വിവരവുമില്ലാത്ത, ദൈവശാസ്ത്രത്തിന്റെ ബാല പാഠങ്ങൾ പോലും അറിയില്ലാത്ത, അയോഗ്യനായ എന്നെ ഇരുത്തുവാൻ പറ്റിയ മറ്റൊരു ഇടവകയില്ല. എന്റെ പാപത്തെക്കുറിച്ചോർത്ത് കരയുവാൻ പാകത്തിന് എന്നെ അധികാരികൾ എവിടെയെങ്കിലും ഒരു കോണിൽ ഉപേക്ഷിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. എനിക്ക് ധാരാളം പ്രായശ്ചിത്തം ചെയ്യേണ്ടതായുണ്ട്. കണ്ണുനീരൊഴുക്കേണ്ടതായുണ്ട് - എന്റെ പാപങ്ങളെയും കുറവുകളെയും പ്രതി. വൈദികനാകുവാൻ പോലും യോഗ്യതയില്ലാത്ത ഒരു നീചനായ പാപിയാണു ഞാൻ..' കണ്ണുനീരോടെയുള്ള ഇത്തരം മറുപടികൾ എതിരാളികളുടെ ആരോപണങ്ങളുട മുനയൊടിക്കുവാൻ തക്ക ശക്തിയുള്ളതായിരുന്നു.

വിയാനിയച്ചന്റെ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ വരുന്ന ജനങ്ങളെക്കൊണ്ട് ആർസ് നിറഞ്ഞു. വളരെ ഗുരുതരമായ പാപങ്ങൾ ഏറ്റുപറയുവാൻ വരുന്ന മനുഷ്യരോട് എന്തു പറയണമെന്നും ഉപദേശിക്കേണ്ടതെങ്ങനെയെന്നും അറിയുവാൻ അദ്ദേഹം മണിക്കൂറുകൾ പ്രാർത്ഥനയിൽ ചിലവഴിച്ചതിന് ശേഷമാണ് കുമ്പസാരക്കൂട്ടിലേക്ക് പ്രവേശിക്കുക. പാപത്തിന്റെ നിയമവശങ്ങളെക്കാൾ കുമ്പസാരിക്കുവാനെത്തുന്നവർ പൊട്ടിക്കരയുന്ന കാഴ്ചയാവും പിന്നീട് കൂടിനിൽക്കുന്നവർ കാണുന്നത്. തുടർച്ചയായി ഏഴുമണിക്കൂറെങ്കിലും അദ്ദേഹം കുമ്പസാരക്കൂട്ടിലുണ്ടാവും. പിന്നീട് വിശുദ്ധ കുർബാനയ്ക്കുവേണ്ടി മാത്രമാണ് അദ്ദേഹം അവിടെനിന്നും പോവുക. ഇതിനുരണ്ടിനും നടുവിൽ ജനങ്ങളോട് ദേവാലയത്തിലിരുന്ന് ജപമാല ചൊല്ലുവാൻ അദ്ദേഹം ആവശ്യപ്പെടും.

കുർബാനയ്ക്കുശേഷം അഞ്ചുമിനിട്ട് എന്തെങ്കിലും കഴിച്ചുവെന്നുവരുത്താൻ മാത്രം ഭക്ഷണത്തിനായി പോകും. പിന്നെ വീണ്ടും കുമ്പസാരക്കൂടിലെത്തുകയായി. തനിക്ക് സാധ്യമായ എല്ലാക്കാര്യങ്ങളും വഴി ആത്മാക്കളെ സ്വർഗത്തിലെത്തിക്കുവാൻ അദ്ദേഹം അതീവതല്പര

നായിരുന്നു. പതിമൂന്നും പതിനാലും മണിക്കൂറുകൾ അദ്ദേഹം കുമ്പസാരക്കൂട്ടിലായിരുന്നു. കിടപ്പുമുറി പരിശോധിച്ച ഒരു വൈദികൻ കണ്ടെത്തിയത് പീഡനോപകരണങ്ങളും ദൈവ ശാസ്ത്ര സംബന്ധമായ ചില പുസ്തകങ്ങളും മാത്രമാണ്. മുപ്പത് വർഷത്തോളം തുടർച്ച യായി അദ്ദേഹം ഈ ദിനചര്യയിൽ മാറ്റം വരുത്തിയില്ല. രോഗിയായി അനങ്ങാൻ വയ്യാതായ ചില അവസരങ്ങളിലൊഴികെ. ഒരിക്കൽ പോലും ഈ കഠിനമായ ചിട്ടകളിലും സമയക്രമ ത്തിലും അദ്ദേഹത്തിന്റെ മനം മടുത്തതായി കണ്ടിട്ടില്ല. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി യുള്ള വിയാനിയച്ചന്റെ തീഷ്ണത അത്രമേൽ ആഴമുള്ളതായിരുന്നു. ദൈവം അവരെ രക്ഷി ക്കുമെന്നല്ലാതെ മറ്റൊന്നും അദ്ദേഹത്തിനറിയില്ലായിരുന്നു. പാപങ്ങൾ ക്ഷമിക്കുന്ന നല്ലവനായ ദൈവം നിങ്ങളുടെ ജീവത്തെയും അനുഗ്രഹിക്കും – അത്രമാത്രമേ പറയുവാനേ പലപ്പോഴും അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ. ലോകത്തിന്റെ അറിവിനെ അതിശയിക്കുന്ന ദൈവത്തിന്റെ ജ്ഞാനം അവിടുന്ന് അദ്ദേഹത്തിന് നൽകി.

ആർസിലെ പ്രവാചകശബ്ദമായിരുന്നു വിയാനി. ദൈവം പറയുന്നതെന്തെന്ന് ജനത്തോട് പ്രഘോഷിക്കുവാൻ നിയോഗിക്കപ്പെട്ട വ്യക്തി. ഒരു മനുഷ്യൻ കുമ്പസാരിക്കാനെത്തിയെപ്പോൾ വിയാനിയച്ചൻ ചോദിച്ചു – എത്രവർഷമായി കുമ്പസാരിച്ചിട്ട്... അദ്ദേഹം പറഞ്ഞു. മുപ്പത് വർഷ ങ്ങൾ... വിയാനിയച്ചന്റെ മറുപടിയിതായിരുന്നു. അത് തെറ്റാണ്, നീ കുമ്പസാരിച്ചിട്ട് മുപ്പത്തി മൂന്നുവർഷങ്ങളായിരിക്കുന്നു. ഇരുപത് മിനിട്ടുനീണ്ട കുമ്പസാരത്തിലൂടെ ആ മനുഷ്യൻ വലിയ സന്തോഷത്തിലേക്കും സമാധാനത്തിലേക്കും കടന്നുവന്നു. പാപങ്ങൾ മറന്നുപോയാൽ വിയാ നിയച്ചൻ അതവരെ ഓർമ്മിപ്പിക്കുമായിരുന്നു. ഒരിക്കൽ ഒരു പെൺകുട്ടി കുമ്പസാരിക്കുവാ നായി എത്തി. മന്ത്രവാദിയുടെ പക്കൽ സ്ഥിരമായി പോകുന്ന വ്യക്തിയായിരുന്നു അവൾ. കുമ്പസാരം കഴിഞ്ഞപ്പോൾ വിയാനിയച്ചൻ അവളോട് പറഞ്ഞു – എന്റെ കുഞ്ഞേ, നീയൊളി പ്പിച്ചുവച്ചിരിക്കുന്ന മന്ത്രത്തകിടിനെക്കുറിച്ച് എന്നോട് പറയാത്തതെന്തേ? ഇതുകേട്ട് പെൺകുട്ടി വേഗം വീട്ടിലെത്തി ആ മന്ത്രത്തകിട് നശിപ്പിച്ചുകളഞ്ഞു.

ഒരിക്കൽ ഒരു മധ്യവയസ്കനായ മനുഷ്യൻ വിയാനിയച്ചന്റെ അടുക്കൽ തന്റെ മകനുവേണ്ടി പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ട് എത്തുകയുണ്ടായി. അദ്ദേഹം ആ മനുഷ്യനെ കുമ്പസാരക്കൂ ട്ടിലേക്കാനയിക്കുകയാണുണ്ടായത്. അദ്ദേഹം കുമ്പസാരിച്ചിട്ട് വർഷങ്ങളായിരുന്നു. പാപം മോചിക്കുന്ന നിമിഷത്തിൽ അദ്ദേഹത്തിന്റെ രോഗിയായിരുന്ന കുട്ടി അത്ഭുതകരമായി സുഖം പ്രാപിച്ചു. അനേകം രോഗികളും ഇവിടെ സുഖം പ്രാപിച്ചിട്ടുണ്ട്. ആത്മീയമായും ശാരീരിക മായും സൗഖ്യം പ്രാപിച്ചതിനുശേഷമാവും എല്ലാവരും അദ്ദേഹത്തിന്റെ പക്കൽ നിന്ന് മടങ്ങു ക. കാലങ്ങൾ കടന്നുപോയപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അസാധാരണമാം വിധം ജ്ഞാനത്താൽ നിറഞ്ഞതും ഹൃദയസ്പർശിയുമായിരുന്നു. ദൈവത്തിന്റെ മുഖത്ത് നിന്നുവ രുന്ന ജ്ഞാനം അദ്ദേഹം ദിവ്യകാരുണ്യത്തെ നോക്കി സ്വന്തമാക്കി.

ഒരിക്കൽ കുറെ പെൺകുട്ടികൾ അദ്ദേഹത്തിന്റെ അടുക്കലെത്തി തങ്ങളുടെ കൈവശമുള്ള റോസാപൂക്കൾ ആശീർവദിച്ചുതരണമെന്നാവശ്യപ്പെട്ടു. എല്ലാവർക്കും അത് തികയില്ലെന്നും അവർ പറഞ്ഞു. വിയാനിയച്ചൻ ആശീർവദിച്ച് നൽകിയ പൂക്കൾ പതിന്മടങ്ങായി വർദ്ധിച്ചു. അനേകം കുടുംബങ്ങളിലെ കുട്ടികൾക്കാവശ്യമായ പൂക്കളായി അവ മാറിയിരുന്നു.

അത്ഭുതം നടക്കുമ്പോഴെല്ലാം ദൈവത്തിലേക്കും വിശുദ്ധരിലേക്കും വിയാനിയച്ചൻ വിരൽ ചൂണ്ടും. അങ്ങനെ ചൂണ്ടിക്കാണിക്കുന്നതിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു വിശുദ്ധയായിരുന്നു വിശുദ്ധ ഫിലോമിന. ഞാനൊരു പാവപ്പെട്ട വൈദികനാണ് വിശുദ്ധ ഫിലോമിനയാണ് എല്ലാ അത്ഭുതങ്ങളുടേയും കാരണം. അങ്ങനെയാണ് ആർസ് വലിയൊരു തീർത്ഥാടന കേന്ദ്രമായി ത്തീർന്നതുതന്നെ. ഞാൻ ചോദിച്ച ഒരു കാര്യവും വിശുദ്ധ ഫിലോമിന എനിക്ക് സാധിച്ച് തരാ തിരുന്നിട്ടില്ലെന്ന് വിയാനിയച്ചൻ പറയുമായിരുന്നു. ജോൺ മരിയ വിയാനി അനുദിനം വിശു

ദ്ധിയിൽ വളർന്നത് തന്നെയായിരുന്ന സ്വർഗം ആർസിൽ പ്രവർത്തിച്ച ഏറ്റവും വലിയ അത്ഭുതം. സഭയെ സ്നേഹിക്കുവാനും വിശുദ്ധിയിൽ ജീവിക്കുവാനും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതം തന്നെയാണ് ജനങ്ങൾ ആർസിലെ അത്ഭുതമായിക്കണ്ടത്.

ദിവ്യകാരുണ്യനാഥന്റെ മുഖം കാണുമ്പോൾ വിയാനി പശ്ചാത്താപവിവശനായി പൊട്ടികരയുമായിരുന്നു. ദൈവത്തെ കരങ്ങളിലെടുക്കുവാനും മറ്റുള്ളവർക്ക് നൽകുവാനും തനിക്കെന്ത് യോഗ്യതയാണുള്ളത്. ഇതെന്റെ ശരീരമാകുന്നു എന്നു പറയുമ്പോൾ യേശുവിനെ നേരിട്ട് കണ്ട പ്രതീതിയായിരുന്നു ആ മുഖത്ത്. കാൽവരിയിലെ യേശുവിന്റെ പീഡാസഹനവും കുരിശുമരണവും കണ്ടുനിൽക്കേണ്ടി വരുന്ന വ്യക്തിയുടെ മുഖഭാവത്തോടെയാണ് അദ്ദേഹം വിശുദ്ധ ബലിയർപ്പിച്ചിരുന്നത്. പക്ഷെ ഈ ജീവിക്കുന്ന വിശ്വാസം ജനങ്ങളിലേക്കും പടർന്നതോടുകൂടിയാണ് ആർസ് അത്ഭുത പ്രവർത്തനങ്ങളുടെ ഇടവകയായി മാറിയത് എന്ന് നാം തിരിച്ചറിയണം. ജീവനുള്ള ഒരു വിശ്വാസത്തിന് മാത്രമെ ജനങ്ങളുടെ വിശ്വാസത്തെ ജീവനുള്ളതാക്കിമാറ്റുവാൻ സാധിക്കൂ.

വിശുദ്ധ ജോൺ വിയാനിക്ക് പലപ്പോഴും പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെടുമായിരുന്നു. ഇതിനെക്കുറിച്ചുള്ള അറിവുകൾ നമുക്ക് ലഭിക്കുന്നത് വിയാനിയച്ചനിൽ നിന്നല്ല. മറിച്ച് ദൃക്സാക്ഷികളിൽ നിന്നാണ്. വിയാനിയച്ചൻ പരിശുദ്ധ അമ്മയുമായി സംസാരിക്കുന്നത് താൻ കണ്ടുവെന്ന് ഒരു വ്യക്തി നാമകരണനടപടികൾക്കിടയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 1840 മെയ്മാസം എട്ടാം തിയതി ദോയെ എന്നു പേരുള്ള ഒരു സ്ത്രീ അവിടെ ജോലിക്കെത്തിയതായിരുന്നു. അന്ന് വിയാനിയച്ചന്റെ മുറിയിൽ നിന്ന് അവൾ ഒരു സംസാരം കേൾക്കുകയുണ്ടായി. അടുത്തു ശ്രദ്ധിച്ചപ്പോൾ വിയാനിയച്ചൻ പതുങ്ങിയ സ്വരത്തിൽ ഇപ്രകാരം പറയുന്നത് അവൾ കേട്ടു - അമ്മേ, ആത്മാക്കളുടെ മാനസാന്തരമാണ് ഞാൻ ചോദിക്കുന്നത്. സഹനങ്ങൾ എത്ര മാത്രം ഉണ്ടായാലും തനിക്ക് പരാതിയില്ലെന്നും രോഗികൾക്കും പാപികൾക്കും അശരണർക്കും വേണ്ടി താൻ മരിക്കാൻ പോലും തയ്യാറാണെന്നും വിയാനിയച്ചൻ അമ്മയോട് ആവർത്തിച്ച് പറയുന്നു. പ്രത്യേകമായി മരണാസന്നയായ ഒരു സ്ത്രീയുടെ രോഗസൗഖ്യത്തിനുവേണ്ടി അദ്ദേഹം വാദിക്കുകയായിരുന്നു. മറുപടിയായി ഒരു സ്ത്രീശബ്ദം - അവൾ സുഖം പ്രാപിക്കും. പെട്ടന്ന് ഇതു കേട്ടുകൊണ്ടിരുന്ന സ്ത്രീ വിയാനിയച്ചന്റെ മുറിയിലേക്കു നോക്കി. അതാ തേജോമയയായ ഒരു സ്ത്രീ വിയാനിയച്ചന്റെ മുൻപിൽ നിൽക്കുന്നു. ആ യുവതി തന്നെയും സ്വർഗത്തിലേക്ക് കൊണ്ടുപോകണമെന്ന് പരിശുദ്ധ അമ്മയോട് ആവശ്യപ്പെട്ടു. എന്നാൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അമ്മയുടെ മനോഹരരൂപം മറഞ്ഞുപോയി. പ്രാർത്ഥനയിൽ നിമഗ്നനായിരുന്ന വിയാനിയച്ചനോട് താൻ പരിശുദ്ധ അമ്മയെ കണ്ടുവെന്ന് അവൾ പറഞ്ഞു. അദ്ദേഹം പറഞ്ഞു - ഞാനും കണ്ടു. എന്നാൽ നീയിത് ആരോടും പറയരുത്. പിന്നീട് ആഗസ്റ്റ് മാസത്തിൽ വിയാനിയച്ചൻ പരിശുദ്ധ അമ്മയുടെ പക്കൽ വാദിച്ച ആ ക്യാൻസർ രോഗി സുഖം പ്രാപിക്കുകയുണ്ടായി.

ദൈവത്തെ സ്നേഹിക്കുന്നതിനും മറ്റുള്ളവരെ ദൈവസ്നേഹത്തിലേക്കാനയിക്കുന്നതിനും വേണ്ടി മാത്രമാണ് ജോൺ വിയാനി ജീവിച്ചത്. അദ്ദേഹം ദൈവജനത്തിനുവേണ്ടി ജീവൻ സമർപ്പിച്ച നല്ല ഇടയനായിരുന്നു. പാപികളാണ് യേശുവിനെ വേദനിപ്പിക്കുന്നത് - പാപം ചെയ്യരുതെന്ന് പറഞ്ഞുകൊണ്ടാണ് വിയാനിയച്ചൻ ഈ ലോകത്തോട് വിടപറയുന്നത് തന്നെ. അവസാനം വിയാനിയച്ചൻ മരണക്കിടക്കയിലാണ്.

കുമ്പസാരക്കൂട്ടിൽ എരിഞ്ഞടങ്ങിയ രക്തസാക്ഷിയാണ് വിയാനിയച്ചൻ. ലോകത്തോട് വിടപറഞ്ഞ് തിന്മയോട് യുദ്ധം പ്രഖ്യാപിച്ച ആർസിലെ പ്രവാചകൻ. ദൈവത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട തന്റെ ജീവിതം അർത്ഥപൂർണമായി ചിലവഴിച്ചതിനുശേഷം അദ്ദേഹം മടങ്ങിപ്പോവുകയായിരുന്നു. ദൈവത്തോടും ഒപ്പമായിരിക്കുവാൻ.

അവസാനം ദിവ്യകാരുണ്യസ്വീകരണസമയത്തെ അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു – ഈശോയെ അങ്ങയുടെ ശരീരത്തെ ഇപ്രകാരം എനിക്കിനി സ്വീകരിക്കാനാവില്ലല്ലോ. ദൈവം എത്രയോ നല്ലവനാണ്. അവിടുത്തെ കാണുവാൻ പോകാൻ നമുക്കാവില്ല. എന്നാൽ അവിടുന്ന് നമ്മുടെ അടുക്കലേക്ക് വരുന്നു.

കുമ്പസാരക്കാരന്റെ അവസാന ആശീർവാദം സ്വീകരിക്കുന്ന സമയം വിയാനിയച്ചൻ നിശബ്ദനായി ഈ ലോകത്തോട് വിടപറഞ്ഞു. കുമ്പസാരക്കൂട്ടിൽ അനേകരുടെ പാപം മോചിക്കുവാൻ ഉയർത്തിയ ആ കരങ്ങൾക്ക് നൽകിയ ഭാഗ്യമായിരിക്കണം അത്. പാപമോചനത്തിനായി ഉയർത്തുന്ന കരങ്ങൾ അവസാനമായി കണ്ടുകൊണ്ട് ഈ ലോകത്തോട് വിടപറയുന്നതിനുള്ള മഹാഭാഗ്യം. കാത്തുനിന്ന മാലാഖമാർ അദ്ദേഹത്തെ സ്വർഗത്തിൽ സ്വീകരിച്ചു. ധാരാളം തീർത്ഥാടകർ വിയാനിയച്ചന്റെ മരണവാർത്തയറിഞ്ഞ് ഓടിയെത്തി. ആർസ് നഗരം കണ്ണുനീരിൽ കുതിർന്നു. ആഗസ്റ്റ് പതിനാലിന് ആത്മാവ് വേർപെട്ടെങ്കിലും ആ ശരീരം ഇന്നും കേടുകൂടാതെ ആർസ് നഗരത്തിലുണ്ട്. ശരീരത്തിന്റെ എല്ലാ വാസനകളെയും ഉപേക്ഷിച്ച ആ ശരീരത്തെ തൊടുവാൻ പുഴുക്കളും കൃമികളും പോലും ധൈര്യപ്പെട്ടിട്ടില്ല.

ദൈവത്തെ മഹത്വപ്പെടുത്തിയ ആ ജീവിതത്തെ ദൈവവും മഹത്വപ്പെടുത്തി. 1925 മെയ്മാസം 31-ാം തിയതി മരണത്തിന്റെ നാൽപത് വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ പരിശുദ്ധ പിതാവ് പീയൂസ് പതിനൊന്നാമൻ പാപ്പ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. ഫ്രാൻസിന് ഒരു പുതിയ വിശുദ്ധൻ. ഇടവകവൈദികർക്ക് ഒരു മദ്ധ്യസ്ഥൻ. അനുഗമിക്കാൻ ഏറ്റവും എളുപ്പമുള്ള വിശുദ്ധൻ, എന്നാൽ ജീവിക്കാൻ ഏറ്റവും വിഷമമുള്ളതും.വിശുദ്ധരാകുക എന്നാൽ ജീവിതം മുഴുവൻ യേശുവിനെ നോക്കി ജീവിക്കുക എന്നാണ് അർത്ഥം. നമ്മുടെ നോട്ടം തെറ്റിയാൽ നാം വീണുപോകും. ഈശോയോടുള്ള സ്നേഹം സകല പാപത്തിൽ നിന്നും നമുക്ക് മോചനം നൽകും. ആ സ്നേഹം മറ്റുള്ളവരെ സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കും. വിശുദ്ധിയുടെ അടയാളവും ലക്ഷ്യവും ദൈവത്തോടുള്ള അപരിമേയമായ സ്നേഹമാണ്.